ഹാംലറ്റ് പദ്ധതി

267 (652) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഹാംലെറ്റ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ ഡയറക്ടർ ചെയർമാനായ കമ്മിറ്റി 2015 അവസാനം തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഹാംലെറ്റ് പദ്ധതിയിൽ ഭവനനിർമ്മാണം അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപയുടെ കരാർ അനുവദിച്ചുവെന്നും ഓരോ ഏജൻസിയും , പൂർത്തിയാക്കിയതും ഇനിയും പൂർത്തിയാക്കാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ഏജൻസിക്കും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായ കമ്മിറ്റി നിലവിലില്ല. വകുപ്പിലെ ജില്ലാതല ഓഫീസർമാരാണ് പദ്ധതികൾ അവലോകനം ചെയ്യുന്നതും ആയത് വിലയിരുത്തുന്നതും. ആയതിനാൽ ജില്ലാതല ഓഫീസുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു* .

(ബി & സി) വിവരം അനുബന്ധമായി ചേർക്കുന്നു*.

ചികിത്സാ ധനസഹായം

268 (653) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കട്ടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും എത്ര ആളുകൾക്ക് ചികിൽസാ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പു വഴി ലഭിച്ചിട്ടുണ്ട്, അവരുടെ പേര് വിവരവും, അനുവദിച്ച തുകയും, സർക്കാർ ഉത്തരവിന്റെ കോപ്പിയും ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly